(ബി) എയ്ഡഡ് സ്ഥാപനങ്ങളിൽ സംവരണമില്ലാത്തതാണ് പട്ടിക വിഭാഗക്കാരുടെ പ്രാതിനിധ്യം കുറയാൻ കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ സർക്കാർ സ്കൂളുകളിൽ എൽ.പി., യു.പി., എച്ച്.എസ്. വിഭാഗങ്ങളിൽ നിയമനം കിട്ടുന്ന അദ്ധ്യാപകരുടെ ഹെഡ്മാസ്റ്റർ പ്രൊമോഷനിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മേൽ സൂചിപ്പിച്ച കാരണങ്ങളാൽ സീനിയോറിറ്റിയുടെ കാര്യത്തിലെങ്കിലും ഇളവ് അനുവദിക്കുമോ ; അതിനുവേണ്ടി ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ സ്കൂളുകളുടെ എണ്ണം

75 (5148) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ ഒരു ഹൈസ്കൂൾ പോലും ഇല്ലാത്ത എത്ര ഗ്രാമപഞ്ചായത്തുകൾ ഉണ്ട് ;

(ബി) കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിലെ കുമ്പടാജ ഗ്രാമപഞ്ചായത്തിൽ എത്ര ഹൈസ്കൂളുകളാണുള്ളത് ; ഇവിടെയുള്ള എൽ.പി., യു.പി. സ്കൂളുകളുടെ എണ്ണം സർക്കാർ, എയ്ഡഡ് വേർതിരിച്ച് വ്യക്തമാക്കാമോ ;

(സി) കുമ്പടാജ ഗ്രാമപഞ്ചായത്തിൽ മലയാളം മീഡിയം ഹൈസ്കൂൾ ഇല്ലെങ്കിൽ പ്രസ്തുത ന്യൂനത പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ;

(ഡി) എയ്ഡഡ്, സർക്കാർ തലത്തിലുള്ള ഈ പഞ്ചായത്തിലെ ഏതെങ്കിലും എൽ.പി., യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ ആലോചനയുണ്ടോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിൽ അദ്ധ്യാപകരുടെ ഒഴിവുകൾ

76 (5149) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ വിവിധ സർക്കാർ സ്കൂളുകളിൽ നിലവിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകൾ ഉണ്ടെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly